LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക

151 (3435) ശ്രീ. ആർ. സെൽവരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ഏത് കാലയളവുവരെയാണ് നഷ്ടപരിഹാര തുക നൽകിയത് ; കൃഷിഭവൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് എത്ര ഗുണഭോക്താക്കളാണ് ഇനിയുള്ളത്; കൃഷിഭവൻ തിരിച്ച് കണക്ക് വ്യക്തമാക്കാമോ ; ഇതിലേക്കായി എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ; കുടിശ്ശിക തുക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് 2012 ഏപ്രിൽ-മേയ്, 2013 ജൂൺ എന്നീ കാലയളവിലെ കൃഷിനാശത്തിനാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്. കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച 4786 കർഷകർക്ക് ഇനിയും ധനസഹായം നൽകാനുണ്ട്. കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു.*

ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ. (എം.എസ്) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എം എസ്.) നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എം എസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എം.എസ്) നമ്പർ 470/2013/ഡിഎംഡി. ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കുലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പച്ചക്കറി കൃഷി ഉല്പാദനം

152 (3436) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെച്ചപ്പെട്ട പച്ചക്കറികൾ കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിനും വർദ്ധിച്ചുവരുന്ന പച്ചക്കറി വില നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നു പറയാമോ ;

(ബി) ഈ രീതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉത്പാദിപ്പിക്കപ്പെട്ടതും കേരളത്തിലെ ജനങ്ങൾക്കായി വിറ്റഴിക്കപ്പെട്ടവയുമായ പച്ചക്കറിയുടെ വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) മെച്ചപ്പെട്ട പച്ചക്കറി കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിനും വർദ്ധിച്ചു വരുന്ന പച്ചക്കറി വില നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 2014-15 -ൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ചുവടെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിനായി 64 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.